ജി 3 / 16735 / 2018 / കോ .വി .വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 26.02.2020

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഔദ്യോഗിക ഭാഷ -നിർദേശങ്ങൾ പാലിക്കുന്നത് സംബന്ധിച്ച്

സൂചന :- 1 .ഔ .ഭ പരിഷ്കാര (ഔ .ഭാഷാ )വകുപ്പിന്റെ 20 .04 .2018 തീയതിയിലെ ഔ .ഭ 3 / 33 / 2018 ഉ ഭ പ വ നമ്പർ കത്ത്
2 .ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

**********

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നിർദേശാനുസരണം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓഫീസുകളിലെ എല്ലാ കത്തിടപാടുകളും ഔദ്യോഗിക ഭാഷയായ മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യുന്നതിന് നിർദേശങ്ങൾ നല്കിയിട്ടുണ്ടായിരുന്നു.എന്നാൽ പല ഓഫീസുകളും ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു .ആയതിനാൽ ഫയലുകൾ ഔദ്യോഗിക ഭാഷയിൽ തന്നെ കൈകാര്യം ചെയ്യുന്നതിന് താഴെ പറയും പ്രകാരം തുടർ നിർദ്ദേശം നൽകുന്നു .

1. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡി ഡി ഓഫീസുകളും ,കോളേജുകളും തമ്മിലുള്ള എല്ലാ കത്തിടപാടുകളും പൂർണമായും മലയാളത്തിൽ തന്നെ ആയിരിക്കണം
2. എല്ലാ ഗവണ്മെന്റ് എയ്ഡഡ് കോളേജുകളും ടി വിഷയത്തിൽ ബന്ധപ്പെട്ട മേഖല തലവന്മാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .
3. എയ്ഡഡ് കോളേജുകൾ നൽകുന്ന കത്തുകൾ ,അപേക്ഷകൾ എന്നിവ മലയാളത്തിൽ തന്നെ ആയിരിക്കേണ്ടതാണ്
4. കോടതി ,അക്കൗണ്ടന്റ് ജനറൽ ഓഫീസ് ,യു .ജി .സി മറ്റ് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കത്തിടപാടുകൾ എന്നിവ മാത്രമേ ഔദ്യോഗിക ഭാഷയിൽ അല്ലാതെ കൈകാര്യം ചെയ്യാൻ പാടുള്ളൂ .

മേൽ സൂചന നിർദ്ദേശങ്ങൾ പാലിച്ചാണ് കത്തിടപാടുകൾ നടക്കുന്നത് എന്ന് ഓഫീസ് തലവന്മാർ ഉറപ്പാക്കേണ്ടതാണ്.

Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 26.02.2020
Reason: Approved

ഒപ്പ്/-
ഡോ.സുമ കെ.കെ
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും